

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

പട്ടണക്കാട് പി.ഒ. ചേർത്തല - 688 531
ഫോൺ: 0478-2592249
bdo_ptkd@ymail.com

പൗരാവകാശ രേഖ 2026

Scanned with OKEN Scanner

ആമുഖം

ഓരോ തദ്ദേശ സ്ഥാപനവും പൗരന്മാർക്ക് വിവിധ ഇനം സേവനങ്ങളും അവയുടെ വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയ പരിധിയും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിയ്ക്കുന്ന രേഖയാണ് പൗരാവകാശ രേഖ. തദ്ദേശ ഭരണ സംവിധാനത്തിൽ തങ്ങൾക്ക് അവകാശപ്പെട്ടത് എന്തൊക്കെയെന്ന് അറിയുവാൻ ഓരോ പൗരനും അവകാശമുണ്ട്. സേവന ലഭ്യതയ്ക്കായി എത്തിച്ചേരുന്ന ഓരോ പൗരനും ആയത് കൃത്യമായ രീതിയിൽ സമയബന്ധിതമായി ലഭ്യമാക്കുക എന്നത് ഏതൊരു സ്ഥാപനത്തിന്റേയും പ്രാഥമിക കർത്തവ്യമാണെന്നതിനെ പറയാം. ഓരോ പൗരനും അർഹമായ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുമ്പോഴാണ് ഒരു സ്ഥാപനത്തിന് പൗരന്മാരോടുള്ള കടമ പൂർണ്ണമാകുന്നത്. ഓരോ സ്ഥാപനവും പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തുന്നതു വഴി അവകാശത്തോടൊപ്പം അവ ലഭ്യമാകാനുള്ള വഴിയും സുതാര്യമാകുന്നു. സമഗ്രവും സുസ്ഥിരവും സുതാര്യവുമായ നടപടികളിലൂടെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ നിന്നും ഓരോ പൗരനും ലഭ്യമാകുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ചും പൗരന്മാരുടെ കടമകൾ സംബന്ധിച്ചും അവരെ അവബോധമുള്ളവരാക്കുകയും, വിവിധ പദ്ധതികൾ, അവയുടെ തെരഞ്ഞെടുപ്പ്, സേവന കാലാവധി, പരാതി പരിഹാര സംവിധാനം എന്നിവയെ സംബന്ധിച്ച് ജനങ്ങൾക്ക് അവബോധമുണ്ടാക്കുകയും ആയതിലൂടെ സ്നേഹവും പരസ്പര വിശ്വാസവും ആർജ്ജിച്ചുകൊണ്ട് ജനങ്ങളോട് ഉത്തരവാദിത്തമുള്ളതും കൃത്യതയുമായ ഒരു നവ ഭരണക്രമം ചിട്ടപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പൗരാവകാശ രേഖ ജനങ്ങൾക്കായി സമർപ്പിക്കുന്നത്.

ഈ പൗരാവകാശ രേഖയുടെ പ്രസിദ്ധീകരണം നമ്മുടെ മഹത്തായ ലക്ഷ്യത്തിലേയ്ക്കുള്ള കൃത്യതയുറ്റ കാൽവെയ്പ്പാകാനി തീരട്ടെ എന്ന് പ്രത്യാശിയ്ക്കുന്നു.

Scanned with OKEN Scanner

പൊതുവിവരങ്ങൾ

പേര്	:	പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്
വിസ്തൃതി	:	98.81 ച.കി.മി
ജില്ല	:	ആലപ്പുഴ
ഓഫീസിന്റെ സ്ഥാനം/വിലാസം	:	പൊന്നാംവെളി, പട്ടണക്കാട് പി.ഒ., പിൻ 688531
ജനസംഖ്യ	:	217428
പുരുഷന്മാർ	:	106378
സ്ത്രീ	:	111050
പട്ടികജാതി ജനസംഖ്യ	:	24113
പട്ടികവർഗ്ഗ ജനസംഖ്യ	:	389
സാക്ഷരത നിരക്ക്	:	90 ശതമാനം
ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾ	:	അരൂർ, എഴുപുന്ന, കോടംതുരുത്ത്, കുത്തിയതോട്, തുറവൂർ, പട്ടണക്കാട്, വയലാർ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	:	14
കൈമാറികിട്ടിയ സ്ഥാപനങ്ങൾ	:	താലൂക്ക് ആശുപത്രി, തുറവൂർ കുടുംബാരോഗ്യ കേന്ദ്രം, വെട്ടയ്ക്കൽ കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ ഓഫീസ് ശിശുവികസന പദ്ധതി ഓഫീസ് വ്യാവസായ വികസന ഓഫീസ് പട്ടികജാതി വികസന ഓഫീസ് എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ ഓഫീസ് ക്ഷീര വികസന ഓഫീസ്

Scanned with OKEN Scanner

പൗരാവകാശ രേഖ എന്ത് ?
എന്തിന് ?

പൗരാവകാശ രേഖ എന്നാൽ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കാമെന്ന് പഞ്ചായത്ത് സ്വമേധയാ വാഗ്ദാനം ചെയ്യുന്നതും അതനുസരിച്ച് അവർക്ക് അർഹമായതുമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയ പരിധിയും വിവരിച്ചുകൊണ്ട് പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന പത്രിക എന്നർത്ഥം.

പൗരാവകാശ രേഖയിൽ ഈ ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച പൂർണ്ണ വിവരം ഉറപ്പാക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന് ജനങ്ങളോടുള്ള കടപ്പാടും സമർപ്പണവും ഈ പൗരാവകാശ രേഖയിൽ പ്രതിപാദിക്കുന്നു. കൂടാതെ ജനങ്ങൾക്ക് പരാതിക്കും അഭിപ്രായ വ്യത്യാസങ്ങൾക്കും ഇടനൽകാത്ത, അർഹമായ സേവനം ലഭ്യമാക്കുന്നതിന് പൗരാവകാശ രേഖ ഉറപ്പുനൽകുന്നു. ഭരണ സുതാര്യതയും കാര്യക്ഷമതയും ഇതിന്റെ മുഖമുദ്രയാണ്. പൗരാവകാശ രേഖയിൽ പ്രതിപാദിക്കുന്ന സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സമിതി വിലയിരുത്തുന്നു എന്നത് പൗരാവകാശ രേഖയുടെ ഒരു പ്രധാന പ്രത്യേകതയാണ്.

Scanned with OKEN Scanner

ബ്ലോക്ക് പഞ്ചായത്തിന്റെ

ദർശനം, ദൗത്യം, കാഴ്ചപ്പാട്

ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ ഭാഗമാണ് ഈ സ്ഥാപനം. പ്രദേശിക സാമ്പത്തിക വികസനം , ദാരിദ്ര നിർമ്മാർജ്ജനം ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും , സ്ത്രീകളുടേയും , കുട്ടികളുടേയു ക്ഷേമം എന്നിവ ലക്ഷ്യമാക്കിയുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ നടപ്പാക്കുന്ന പ്രധാന സ്ഥാപനമാണിത്. കൂടാതെ കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് സമഗ്ര വികസനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തു വരുന്നു.

ഈ സ്ഥാപനത്തിന്റെ ദീർഘദൂര കാഴ്ചപ്പാടുകൾ ലക്ഷ്യങ്ങൾ എന്നിവ താഴെപറയുന്നവയാണ്.

* ഗ്രാമീണ സമ്പദ്ഘടനയുടെ വളർച്ചയും വികസനവും
* ദാരിദ്ര്യ ലഘൂകരണവും പ്രാദേശിക സാമ്പത്തിക വികസനവും
* എല്ലാ ദരിദ്ര ജനവിഭാഗങ്ങൾക്കും തൊഴിലവസരങ്ങൾ
* എല്ലാ ദരിദ്ര ജനവിഭാഗങ്ങൾക്കും വാസയോഗ്യമായ വീട്
* എല്ലാവർക്കും ആരോഗ്യസുരക്ഷ, ശുചിത്വം, കുടിവെള്ളം
* സമഗ്ര കാർഷിക വികസനം , നീർത്തട സംരക്ഷണം ക്ഷീരവികസനം , മൃഗസംരക്ഷണം
* സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം
* ഗ്രാമീണ മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക
* പ്രകൃതിക്ഷോഭ ദുരന്തനിവാരണം

Scanned with OKEN Scanner

* പട്ടികജാതി-പട്ടിക വർഗ്ഗക്കാർ, ദുർബല ജനവിഭാഗങ്ങൾ, ശാരീരകവും മാനസീകവുമായി വെല്ലുവിളി നേരിടുന്നവർ, അഗതികൾ, വൃദ്ധജനങ്ങൾ എന്നിവരുടെ സാമൂഹിക സുരക്ഷ

പഞ്ചായത്ത് രാജ് നിയമത്തിന്റെ 4-ാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുള്ള ചുമതലകൾ അടിസ്ഥാന മാക്കിയുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണവും ലക്ഷ്യങ്ങളിൽ പ്പെടുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ഘടനയും പ്രധാന ചുമതലകളും

പഞ്ചായത്ത്രാജ് നിയമപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസിമിതിയാണ് ഈ സ്ഥാപനത്തിന്റെ ഭരണം നടത്തുന്നത്. 14 അംഗങ്ങളും 7 ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാരും അടങ്ങുന്നതാണ് ഭരണസമിതി. ഭരണസമിതിയിലെ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ചെയർമാൻമാരും അംഗങ്ങളും ഉൾക്കൊള്ളുന്ന ധനകാര്യം, വികസനകാര്യം, ആരോഗ്യവും വിദ്യാഭ്യാസവും, ക്ഷേമകാര്യം എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ഭരണ സൗകര്യത്തിനായി രൂപീകരിച്ചിട്ടുണ്ട്.

ജനറൽ കമ്മറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും യോഗം ചേർന്നാണ് ഈ സ്ഥാപനത്തിന്റെ ഭരണപരമായ തീരുമാനങ്ങൾ എടുക്കുന്നത്. വിവിധ പദ്ധതികളുടെ ആസൂത്രണം, പദ്ധതി രൂപീകരണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ സ്വാഭാവികമായും ഭരണചുമതലകളിൽപ്പെടുന്നു. ഇവ കൂടാതെ വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളും മാർഗ്ഗരേഖകൾ അനുസരിച്ച് നിർവ്വഹണം നടത്തുന്നു. ഈ ഭരണ സംവിധാനത്തിന്റെ മുഖ്യഘടകമാണ് ഉദ്യോഗസ്ഥ സംവിധാനം. സെക്രട്ടറിയാണ് സ്ഥാപനത്തിന്റെ മുഖ്യ ഉദ്യോഗസ്ഥൻ.

Scanned with OKEN Scanner

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ഉദ്യോഗസ്ഥരുടെ എണ്ണം

ക്രമനം.	തസ്തിക.	എണ്ണം
1	സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത്	1
2	ജോയിന്റ് ബിഡിഒ(ഇജിഎസ്)	1
3	ജോയിന്റ് ബിഡിഒ(റൂറൽ ഹൗസിംഗ്)	1
4	ഹെഡ് ക്ലർക്ക് & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, (RTI Act 2005)	1
5	ഹെഡ്അക്കൗണ്ടന്റ്	1
6	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ	1
7	എക്സ്റ്റൻഷൻ ഓഫീസർ(വനിതാക്ഷേമം)	1
8	എക്സ്റ്റൻഷൻ ഓഫീസർ(പ്ലാനിങ് &മോണിട്ടറിങ്)	1
9	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്.1	9
10	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്.2	6
11	സീനിയർ ക്ലർക്ക്	3
12	ക്ലർക്ക്	1
13	സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്	1
14	ഓഫീസ് അറ്റൻഡന്റ്	2
15	ഡ്രൈവർ ഗ്രേഡ്.1	1
16	അക്രഡിറ്റഡ് എൻജിനീയർ (മഹാത്മാഗാന്ധി .എൻ. ആർ.ഇ.ജി.എസ്)	1
17	അക്കൗണ്ടന്റ് കം ഐ.റ്റി അസിസ്റ്റന്റ് (മഹാത്മാഗാന്ധി. എൻ.ആർ.ഇ.ജി.എസ്)	2
18	പാർട്ട് ടൈം സ്വീപ്പർ	1

Scanned with OKEN Scanner

ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾ

1. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്
2. ശിശു വികസന പദ്ധതി ഓഫീസ്
3. തുറവൂർ താലൂക്ക് ഹോസ്പിറ്റൽ
4. വ്യവസായ വികസന ഓഫീസ്
5. പട്ടികജാതി വികസന ഓഫീസ്
6. ക്ഷീര വികസന ഓഫീസ്
7. എൽ.എസ്.ജി.ഡി. എൻജിനിയറിങ് വിഭാഗം
8. വെട്ടയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രം

ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടപ്പെട്ട ഉദ്യോഗസ്ഥർ

1. കൃഷി വകുപ്പ് - അസി.ഡയറക്ടർ,അനുബന്ധതസ്തികകൾ
2. എൽ.എസ്.ജി.ഡിവിഭാഗം - അസി.എക്സിക്യുട്ടീവ് എഞ്ചിനീയർ, അസി.എഞ്ചിനീയർ
3. വ്യവസായ വകുപ്പ് - വ്യവസായ വികസന ഓഫീസർ
4. സാമൂഹ്യനീതി വകുപ്പ് - ശിശുവികസന പദ്ധതി ഓഫീസർ
5. പട്ടികജാതി വികസനം - പട്ടികജാതി വികസന ഓഫീസർ
6. ക്ഷീരവികസന വകുപ്പ് - ക്ഷീരവികസന ഓഫീസർ
7. ആരോഗ്യ വകുപ്പ് - മെഡിക്കൽ ഓഫീസർ

ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളും വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലൂടേയും ഉദ്യോഗസ്ഥ സംവിധാനങ്ങളിലൂടേയുമാണ് നിർവ്വഹിക്കപ്പെടുന്നത്.

ബ്ലോക്ക് സാക്ഷരത പ്രേരക്മാർ

1. പ്രദീപ്കുമാർ കെ. - 9995213228
2. ഉദയകുമാരി റ്റി. - 9074136809

Scanned with OKEN Scanner

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി
1	പ്രധാനമന്ത്രി ആവാസ്‌യോജന (ഗ്രാമീൺ) ഭവന നിർമ്മാണ ധന സഹായം	സാമൂഹ്യ - സാമ്പത്തിക - ജാതി സെൻസസ് മുൻഗണന ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം വാസയോഗ്യമായ ബി.പി.എൽ. കുടുംബാംഗമായിരിക്കണം.	സാമൂഹ്യ - സാമ്പത്തിക - ജാതി സെൻസസ് മുൻഗണന ലിസ്റ്റും ബന്ധപ്പെട്ട രേഖകളോടുടിയ അപേക്ഷയും ല 30 ദിവസം
2	പ്രധാനമന്ത്രി ആവാസ്‌യോജന (ഗ്രാമീൺ) ഭവന നിർമ്മാണത്തിനുള്ള സ്റ്റേജ് സർട്ടിഫിക്കറ്റ്	നിശ്ചിത സ്റ്റേജ് പൂർത്തീകരിച്ചിരിക്കണം.	സ്റ്റേജ് പൂർത്തിയാ അപേക്ഷ സമർപ്പിച്ച് 7 സത്തിനകം.
3	പ്രധാനമന്ത്രി ആവാസ്‌യോജന (ഗ്രാമീൺ) ഭവന നിർമ്മാണത്തിനുള്ള ഗഡുക്കളുടെ വിതരണം	നിശ്ചിത സ്റ്റേജ് പൂർത്തീകരിച്ചിരിക്കണം.	വില്ലേജ് എക്സ്റ്റൻ ഓഫീസറുടെ സ്റ്റേജ് സ ഫിക്കറ്റ് സഹിതം അപേ ലഭിച്ച് 5 ദിവസത്തിനക
4	ബി.പി.എൽ. സർട്ടിഫിക്കറ്റ്	അപേക്ഷകൻ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളായിരിക്കണം.	ബി.പി.എൽ. സർട്ടിഫി ഏത് ആവശ്യത്തിനാണ വ്യക്തമാക്കുന്ന അപേ ബന്ധപ്പെട്ട വി എക്സ്റ്റൻഷൻ ഓഫ റുടെ ശുപാർശ സഹി ബ്ലോക്ക് പഞ്ചായ സെക്രട്ടറിക്ക് ലഭിച്ചതി ദിവസത്തിനകം.

Scanned with OKEN Scanner

തുറവൂർ താലൂക്ക് ആശുപത്രിയിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി
1	ഒ.പി.		എല്ലാദിവസവും 8 മണിമുതൽ 1 മണിവരെ
2	2സ്പെഷ്യാലിറ്റി, ഗൈനക്കോളജി, പീഡിയാട്രിക്, ജനറൽ മെഡിസിൻ		എല്ലാദിവസവും 8 മണിമുതൽ 1 മണിവരെ ഒ.പി. യിൽ ലഭ്യമാണ്
3	അത്യാഹിത വിഭാഗം		24 മണിക്കൂറും പ്രവർത്തിക്കുന്നു.
4	24 കിടക്കകളോടുകൂടിയ ഐ.പി. വിഭാഗം		എല്ലാദിവസവും പ്രവർത്തിക്കുന്നു
5	ഔഷധ വിതരണം		എല്ലാദിവസവും 9 മുതൽ 4 മണി വരെ
6	റഫറൽ സർവ്വീസ്		എല്ലാദിവസവും
7	ഡയാലിസിസ്സ്		രണ്ട് ഷിഫ്റ്റുകളിലായി
8	സെക്കന്ററി പാലിയേറ്റീവ് പ്രോഗ്രാം		കിടപ്പുരോഗികളെ വീട്ടിൽചെന്ന് സാന്ത്വന ചികിത്സ നടത്തുന്നു.
9	എക്സറേ, ഇ.സി.ജി.		എല്ലാദിവസവും
10	ദന്തൽ യൂണിറ്റ്		തിങ്കൾ മുതൽ ശനി വരെ ഒ.പി. സമയത്ത്
11	കോവിഡ് വാസിനേഷൻ സൗകര്യം		വാക്സിൻ ലഭ്യമാകുന്നതനുസരിച്ച്
12	ആർ.ടി.പി.സി.ആർ., ആന്റിജൻ, ട്രൂനാറ്റ് എന്നീ കോവിഡ് ടെസ്റ്റുകൾ		തിങ്കൾ മുതൽ ശനി വരെ
13	കാസ്പ് പദ്ധതി		ഇൻഷുറൻസ് കാർഡുള്ള എല്ലാവർക്കും 5 ലക്ഷം രൂപവരെയുള്ള കിടത്തിചികിത്സ സൗജന്യമായി നൽകുന്നു.
14	കാഴ്ച പരിശോധന		എല്ലാ ദിവസവും ഒ.പി. സമത്ത്
15	മാനസികാരോഗ്യ പരിപാടി		എല്ലാമാസത്തേയും ആദ്യ വ്യാഴാഴ്ച 9മണി മുതൽ 1 മണിവരെ
16	ജ്യോതിസ് കൗൺസിലിംങ്ങും, ടെസ്റ്റിങ്ങും		തിങ്കൾ മുതൽ ശനി വരെ 9 മണി മുതൽ 4 മണിവരെ
17	ട്രൂനാറ്റ് ലാബിലൂടെ ക്ഷയരോഗനിർണ്ണയവും ചികിത്സയും		എല്ലാദിവസങ്ങളിലും
18	പ്രതിരോധ കുത്തിവെയ്പ്		എല്ലാ ബുധനാഴ്ചയും 9 മുതൽ 1 മണി വരെ
19	മെഡിക്കോ ലീഗൽ കേസുകൾ		എല്ലാ ദിവസവും
20	ജീവിതശൈലി രോഗപരിശോധന		സബ്സെന്ററുകളിൽ

Scanned with OKEN Scanner

അസ്സി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി
1	പൊതുമരാമത്ത് പ്രവൃത്തികൾ	നിയമപ്രകാരമുള്ള സെക്യൂരിറ്റി ഉള്ളടക്കം ചെയ്ത് നിർദ്ദിഷ്ട ഫോമിൽ ഈ-ടെന്റർ മുഖാന്തിരം ടെന്റർ സമർപ്പിക്കാവുന്നതാണ്.	ടെന്റർ പരസ്യ തീയതി മുതൽ 7 പ്രവൃത്തിദിവസത്തിനകം കരാർ എടുത്ത് എഗ്രിമെന്റ് വെച്ച് പ്രവൃത്തിയുടെ സ്വഭാവമനുസരിച്ച് നൽകുന്ന കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയാൽ 14 ദിവസത്തിനകം ബില്ല് തയ്യാറാക്കി നൽകുന്നതാണ്.
2	സർക്കാർ കെട്ടിടങ്ങളുടെ ഫിറ്റ്നെസ്	കെട്ടിടം പണി പൂർത്തിയാക്കി കെട്ടിടത്തിന്റെ പ്ലാനും കെട്ടിട നമ്പർ അനുവദിച്ചതിന്റെ രേഖയും സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.	7 ദിവസങ്ങൾക്കുള്ളിൽ
3	സർക്കാർ കെട്ടിടങ്ങളുടെ വാല്യുവേഷൻ	കെട്ടിടത്തിന്റെ പ്ലാനും നമ്പറും, കെട്ടിടത്തിന്റെ പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റും സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.	7 ദിവസങ്ങൾക്കുള്ളിൽ
4	MPLADS, MLA SDF, MLA ADS, NCFRW, ജില്ലാ പഞ്ചായത്ത് പ്രവൃത്തികൾ തുടങ്ങി വിവിധ സ്കീമുകളിൽപ്പെട്ട പ്രവൃത്തികളുടെ മേൽനോട്ടവും ബില്ല് തയ്യാറാക്കലും	കരാർ/ഗുണഭോക്തൃസമിതി മുഖാന്തിരം പ്രവൃത്തി ഏറ്റെടുത്തയാൾ കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.	പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ല് രേഖകളെല്ലാം കൃത്യമായി ലഭ്യമാക്കുന്ന മുറയ്ക്ക് 14 ദിവസത്തിനകം നൽകുന്നതാണ്.
5	ബ്ലോക്കിന് കീഴിലുള്ള വിവിധ പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ സൂപ്പർ ചെക്കിങ്ങ്	പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് അസ്സി. എക്സിക്യൂട്ടീവ് എൻജിനീയറെ അറിയിക്കേണ്ടതാണ്.	പഞ്ചായത്തിൽ നിന്നും നടപ്പിലാക്കുന്ന പൊതുമരാമത്തു പ്രവൃത്തികളുടെ സൂപ്പർ ചെക്കിങ്ങ് 7 ദിവസങ്ങൾക്കുള്ളിൽ നടത്തുന്നതാണ്.
6	15 ലക്ഷം രൂപാവരെയുള്ള നിർമ്മാണ പ്രവർത്തികൾക്ക് സാങ്കേതിക അനുമതി ലഭ്യമാക്കൽ		

Scanned with OKEN Scanner

പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ/ഹാജരാക്കേണ്ട രേഖകൾ	സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി
1	ലംപ്സം ഗ്രാന്റ് (1 മുതൽ 4 വരെ യുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് 750 രൂപ. 5 മുതൽ 7 വരെ യുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് 900 രൂപ. 8 മുതൽ 10 വരെ യുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് 1000 രൂപ.)	സ്കൂൾ പ്രധാനാദ്ധ്യാപകന് അപേക്ഷ ജാതി സർട്ടിഫിക്കറ്റ്	സ്കൂൾ തുറന്ന് 15 ദിവസത്തിന
2	1 മുതൽ 8 വരെയുള്ള പ്രൈമറി സെക്കന്ററി എയ്ഡ് (2000 രൂപ)	സ്കൂൾ പ്രധാനാദ്ധ്യാപകന് അപേക്ഷ ജാതി സർട്ടിഫിക്കറ്റ്	സ്കൂൾ തുറന്ന് 15 ദിവസത്തിന
3	പാരലൽ കോളേജിൽ പഠിക്കുന്നവർക്കുള്ള ധനസഹായം	ജാതി, വരുമാന സർട്ടിഫിക്കറ്റ് അംഗീകൃത സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും പ്രവേശനം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം.	പൂർണ്ണമായ അപേക്ഷ ലഭിച്ച് ഉ രവായി 15 ദിവസത്തിനകം (ഫ ലഭ്യമാകുന്ന മുറയ്ക്ക്)
4	വിവാഹ ധനസഹായം (75000 രൂപ)	ജാതി, വരുമാന, വിവാഹ സർട്ടിഫിക്കറ്റ് പ്രായം തെളിയിക്കുന്ന രേഖ.	പൂർണ്ണമായ അപേക്ഷ ലഭിച്ച് ഉ രവായി 15 ദിവസത്തിനകം (ഫ ലഭ്യമാകുന്ന മുറയ്ക്ക്)
5	സ്വയം തൊഴിൽ പദ്ധതി (പ്രായം 18-50) (300000 രൂപ)	ജാതി, വരുമാന സർട്ടിഫിക്കറ്റ്. എസ്. ജി. എസ്. വൈലോൺ ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം	പൂർണ്ണമായ അപേക്ഷ ലഭിച്ച് ഉ രവായി 15 ദിവസത്തിനകം (ഫ ലഭ്യമാകുന്ന മുറയ്ക്ക്)
6	മിശ്ര വിവാഹ ധനസഹായം (75000 രൂപ)	ജാതി, വരുമാന, വിവാഹ, സഹവാസ സർട്ടിഫിക്കറ്റ്.	പൂർണ്ണമായ അപേക്ഷ ലഭിച്ച് ഉ രവായി 15 ദിവസത്തിനകം (ഫ ലഭ്യമാകുന്ന മുറയ്ക്ക്)
7	ഭൂരഹിത പുനരധിവാസ പദ്ധതി (5 സെന്റ്-3,75000 രൂപ)	ജാതി, വരുമാന സർട്ടിഫിക്കറ്റ്. സ്വന്തമായി ഭൂമിയില്ല എന്ന സർട്ടിഫിക്കറ്റ്.	ഗുണഭോക്താവ് സ്വയം ഭൂ കണ്ടെത്തി രജിസ്റ്റർ ചെയ്ത് 7 സത്തിനകം

Scanned with OKEN Scanner

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ/ഹാജരാക്കേണ്ട രേഖകൾ	സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി
8	ഭവന പുർത്തീകരണ പദ്ധതി (150000 രൂപ)	ജാതി, വരുമാന സർട്ടിഫിക്കറ്റ് എസ്റ്റിമേറ്റ്	അപേക്ഷയിന്മേൽ ഉത്തരവായി 15 ദിവസത്തിനകം
9	ചികിത്സ ധനസഹായം (ആരോഗ്യ സുരക്ഷാ പദ്ധതി) (5000 മുതൽ 100000 രൂപ വരെ)	ജാതി, വരുമാന, മെഡിക്കൽ സർട്ടിഫിക്കറ്റ്	അപേക്ഷയിന്മേൽ ഉത്തരവായി 15 ദിവസത്തിനകം
10	ഏക വരുമാന ദായകൻ മരണപ്പെട്ടവർക്കുള്ള ധനസഹായം (200000 രൂപ)	ജാതി, വരുമാന, മരണ സർട്ടിഫിക്കറ്റ് ഏക വരുമാനദായകൻ എന്ന സർട്ടിഫിക്കറ്റ്	അപേക്ഷയിന്മേൽ ഉത്തരവായി 15 ദിവസത്തിനകം
11	പഠന മുറി (5-ാം തരം മുതൽ 12-ാം തരം വരെ 200000 രൂപ)	ജാതി, വരുമാന സർട്ടിഫിക്കറ്റ് സ്കൂൾ മേധാവിയുടെ സാക്ഷ്യപത്രം	അപേക്ഷയിന്മേൽ ഉത്തരവായി 15 ദിവസത്തിനകം
12	വിദേശത്തൊഴിൽ നേടുന്നതിനുള്ള ധനസഹായം (100000 രൂപ)	ജാതി, വരുമാന സർട്ടിഫിക്കറ്റ് വിസ, അക്കാമ, പാസ്സ്പോർട്ട് എന്നിവയുടെ പകർപ്പ്	അപേക്ഷയിന്മേൽ ഉത്തരവായി 15 ദിവസത്തിനകം
13	വാത്സല്യനിധി പദ്ധതി (18 വയസ്സ് പൂർത്തിയാകുമ്പോൾ 300000 രൂപ നൽകുന്നു.)	ജാതി, വരുമാന സർട്ടിഫിക്കറ്റ് ആധാർ കാർഡ്, റേഷൻ കാർഡ്, പ്രതിരോധ കുത്തിവെയ്പിന്റെ രേഖകൾ, കുടുംബഫോട്ടോ. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ അപേക്ഷിക്കുക.	അപേക്ഷയിന്മേൽ ഉത്തരവായി 15 ദിവസത്തിനകം
14	പ്രത്യേക പ്രോത്സാഹന സമ്മാനം (എസ്. എസ്. എൽ. സി. 1500 - 2500 രൂപ, +2 2500 - 5000 രൂപ, ഡിഗ്രി 3500 - 7500 രൂപ)	ജാതി സർട്ടിഫിക്കറ്റ് മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്.	അപേക്ഷയിന്മേൽ ഉത്തരവായി 15 ദിവസത്തിനകം
15	ടോയിലറ്റ് നിർമ്മാണം (2500 രൂപ)	ജാതി, വരുമാന സർട്ടിഫിക്കറ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം.	അപേക്ഷയിന്മേൽ ഉത്തരവായി 15 ദിവസത്തിനകം
16	ശ്രീഅയ്യൻകാളി ടാലന്റ് സെർച്ച് പദ്ധതി (പ്രതിവർഷം 4500 രൂപ 10-ാം ക്ലാസ്സ് വരെ)	ജാതി, വരുമാന, ഗ്രേഡ് സർട്ടിഫിക്കറ്റ്, സ്കൂൾ മേധാവിയുടെ സാക്ഷ്യപത്രം.	അപേക്ഷയിന്മേൽ ഉത്തരവായി 15 ദിവസത്തിനകം

Scanned with OKEN Scanner

പട്ടികജാതി വികസന ഓഫീസ്
ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ/ഹാജരാക്കേണ്ട രേഖകൾ	സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി
1	മെരിറ്റോറിയസ് സ്കോളർഷിപ് (പെൺകുട്ടികൾ മാത്രം) ഡിഗ്രി 20000 രൂപ പ്രൊഫഷണൽ കോഴ്സുകൾക്ക് 25000 മുതൽ 30000 രൂപ വരെ	ജാതി, വരുമാന സർട്ടിഫിക്കറ്റ് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന സാക്ഷ്യപത്രം.	അപേക്ഷയിന്മേൽ ഉത്തരവായി ദിവസത്തിനകം
2	മെരിറ്റോറിയസ് സ്കോളർഷിപ് (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും)	ജാതി, വരുമാന സർട്ടിഫിക്കറ്റ് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന സാക്ഷ്യപത്രം.	അപേക്ഷയിന്മേൽ ഉത്തരവായി ദിവസത്തിനകം
3	പഠനമുറി (200000)	ജാതി, വരുമാന സർട്ടിഫിക്കറ്റ് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന സാക്ഷ്യപത്രം.	അപേക്ഷയിന്മേൽ ഉത്തരവായി ദിവസത്തിനകം

Scanned with OKEN Scanner

ക്ഷീര വികസന ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ/ഹാജരാക്കേണ്ട രേഖകൾ	സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി
1	ഗ്രോദാനം പദ്ധതി – 35000 രൂപ കറവയന്ത്രം – 25000 രൂപ സബ്സിഡി ഇറിഗേഷൻ അസിസ്റ്റൻസ് – 10000 രൂപ സബ്സിഡി ആവശ്യധിഷ്ടിത ധനസഹായ പദ്ധതി – പിലവഴിക്കുന്ന തുകയുടെ 50 % സബ്സിഡി പരമാവധി 50000 രൂപ വരെ	ക്ഷീര വികസന ഓഫീസറുടെ പേരിൽ അപേക്ഷിക്കണം. ഓരോ പദ്ധതിയ്ക്കും 170 രൂപ രജിസ്ട്രേഷൻ ഫീസ്. പൂരിപ്പിച്ച അപേക്ഷ ആധാർകാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്സ്ബുക്ക്, കരം അടച്ച രസീത് എന്നിവയുടെ പകർപ്പ്.	പദ്ധതി കാലയളവ്
2	തീറ്റപ്പുൽകൃഷി – 20 സെന്റിന് മുകളിൽ കൃഷിചെയ്യുന്നവർക്ക് സെന്റിന് 50 രൂപ സബ്സിഡി. 20 സെന്റിന് താഴെ സൗജന്യമായി പുൽക്കടെ	ക്ഷീര വികസന ഓഫീസറുടെ പേരിൽ അപേക്ഷിക്കണം. സബ്സിഡി ഉള്ളവർ സെന്റിന് 11 പ്രകാരം രജിസ്ട്രേഷൻ ഫീസ് അടക്കണം. പൂരിപ്പിച്ച അപേക്ഷ ആധാർകാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്സ്ബുക്ക്, കരം അടച്ച രസീത് എന്നിവയുടെ പകർപ്പ്.	പദ്ധതി കാലയളവ്
3	അസോള കൃഷി ഒരു കർഷകന് 125 രൂപ സബ്സിഡി, 375 രൂപയുടെ കിറ്റ്	ബ്ലോക്ക് പരിധിയിൽ ഉള്ള കർഷകൻ ആയിരിക്കണം. നിശ്ചിത അപേക്ഷയിൽ കരമടച്ച രസീത് സഹിതം അപേക്ഷിക്കണം. രജിസ്ട്രേഷൻ ഫീസ് 80 രൂപ. പൂരിപ്പിച്ച അപേക്ഷ ആധാർകാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്സ്ബുക്ക്, കരം അടച്ച രസീത് എന്നിവയുടെ പകർപ്പ്.	പദ്ധതി കാലയളവ്
4	കർഷക സമ്പർക്ക പരിപാടി സംഘത്തിന് 2000 രൂപ സബ്സിഡി നൽകുന്നു.	ക്ഷീര വികസന ഓഫീസറുടെ പേരിൽ അപേക്ഷിക്കണം. സംഘം ഭരണ സമിതി തീരുമാനം, നോട്ടീസ്, ചിലവായ തുകയ്ക്കുള്ള ബില്ലുകളും വൗച്ചറുകളും	ഡിപ്പാർട്ടുമെന്റ് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്
5	ബ്ലോക്ക് ക്ഷീരോത്സവം സംഘത്തിന്റെ പരിധിയിൽ ഉള്ള സ്ഥലത്ത് നടത്തുന്ന ക്ഷീരോത്സവത്തിന് 15000 രൂപ സബ്സിഡി	ക്ഷീര വികസന ഓഫീസറുടെ പേരിൽ അപേക്ഷിക്കണം. സംഘം ഭരണ സമിതി തീരുമാനം, നോട്ടീസ്, ചിലവായ തുകയ്ക്കുള്ള ബില്ലുകളും വൗച്ചറുകളും	ഡിപ്പാർട്ടുമെന്റ് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്

Scanned with OKEN Scanner

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ/ഹാജരാക്കേണ്ട രേഖകൾ	സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി
6	ക്ഷീര കർഷക ക്ഷേമനിധി അംഗത്വം (മുൻ സമ്പത്തിക വർഷം ക്ഷീര സംഘത്തിൽ കുറഞ്ഞത് 500ലിറ്റർ പാൽ അളക്കണം)	ക്ഷീര വികസന ഓഫിസർക്ക് ക്ഷീരസംഘം സെക്രട്ടറി മുഖേന അപേക്ഷ. പാലളവ് സംബന്ധിച്ച വിവരങ്ങൾ, വയസ്സ് തെളിയിക്കുന്ന രേഖ. തൊട്ട് മുൻ വർഷത്തെ പാലളവ് സ്റ്റേറ്റ് മെന്റ്	ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്
7	ക്ഷീര കർഷക ക്ഷേമനിധി പെൻഷൻ (ക്ഷേമനിധിയിൽ അംഗമായി കുറഞ്ഞത് 5 വർഷം 500ലിറ്റർ പാൽ വീതം സംഘത്തിൽ അളക്കുകയും 60 വയസ്സ് പൂർത്തിയാക്കുകയും വേണം)	ക്ഷീര വികസന ഓഫിസർക്ക് ക്ഷീരസംഘം സെക്രട്ടറി മുഖേന അപേക്ഷ. വയസ്സ് തെളിയിക്കുന്ന രേഖ, അക്കൗണ്ട് നമ്പർ എന്നിവ സഹിതം അപേക്ഷിക്കണം. അംഗത്വം ലഭിച്ചതിനുശേഷമുള്ള 5 വർഷങ്ങളിലെ പ്രതിവർഷം 500 ലിറ്റർ വീതം പാൽ അളന്നതിന്റെ സ്റ്റേറ്റ് മെന്റ്	ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്
8	ക്ഷീര കർഷക ക്ഷേമനിധി സ്കോളർഷിപ്പ് (ക്ഷേമനിധിഅംഗങ്ങളായ കർഷകരുടെ മക്കൾക്ക് തൊട്ടുമുമ്പുള്ള അക്കാഡമിക് വർഷം-10,12, ഡിഗ്രി പൊഫണൽ കോഴ്സുകൾ പാസ്സായിരിക്കണം.)	ക്ഷീര വികസന ഓഫീസർക്ക് ക്ഷീരസംഘം സെക്രട്ടറി മുഖേന അപേക്ഷ. യോഗ്യത പരീക്ഷയുടെ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപെടുത്തിയ പകർപ്പ്, ക്ഷേമനിധി തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം അപേക്ഷിക്കണം. പൂരിപിച്ച അപേക്ഷ പാലളവ് സ്റ്റേറ്റ്മെന്റ് ബാങ്ക് പാസ്സ് ബുക്ക് കോപി, ആധാർ കാർഡ് കോപി.	ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്
9	ക്ഷീര കർഷക ക്ഷേമനിധി വിവാഹ ധന സഹായം (ക്ഷേമനിധിഅംഗങ്ങളായ കർഷകരുടെ പെൺമക്കൾക്ക്)	ക്ഷീര വികസന ഓഫീസർക്ക് ക്ഷീരസംഘം സെക്രട്ടറി മുഖേന അപേക്ഷ. പൂരിപിച്ച അപേക്ഷ പാലളവ് സ്റ്റേറ്റ്മെന്റ് ബാങ്ക് പാസ്സ് ബുക്ക് കോപി, ആധാർ കാർഡ് കോപി.	ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്
10	ക്ഷീര കർഷക ക്ഷേമനിധി മരണാനന്തര ധന സഹായം (ക്ഷേമനിധിഅംഗം മരണപെട്ടാൽ നോമിനിക്ക്)	നിർദ്ദിഷ്ഠ മാതൃകയിലുള്ള അപേക്ഷ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപെടുത്തിയ പകർപ്പ് സഹിതം. പൂരിപിച്ച അപേക്ഷ പാലളവ് സ്റ്റേറ്റ്മെന്റ് ബാങ്ക് പാസ്സ് ബുക്ക് കോപി, ആധാർ കാർഡ് കോപി.	ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്

Scanned with OKEN Scanner

കൃഷി വികസന ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ/ഹാജരാക്കേണ്ട രേഖകൾ	സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി
1	മണ്ണ് പരിശോധന	അതാത് കൃഷിഭവൻ പരിധിയിൽ കർഷകൻ ശാസ്ത്രീയമായി തയ്യാറാക്കിയ മണ്ണ് സാമ്പിളുകളും അപേക്ഷയിൽ കൃഷിഭവനിൽ എത്തിക്കുക.	30 ദിവസം
2	സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലാബ്	ക്യാമ്പിൽ ദിവസവും രാവിലെ നൽകുന്ന 50 സാമ്പിളുകളുടെ പരിശോധന നടത്തുന്നു.	ക്യാമ്പിൽ ദിവസവും രാവിലെ നൽകുന്ന 50 സാമ്പിളുകളുടെ പരിശോധന നടത്തുന്നു.
3	സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമാക്കൽ. (27 ഇനം വിളകൾക്ക് പരിരക്ഷ)	കർഷകരായിരിക്കണം കൃഷി ചെയ്യുന്ന പുരയിടത്തിൽ ഇൻഷുർ ചെയ്യാൻ ഉദ്ദേശിക്കുന്ന വിളകൾ മുഴുവനായും ഉൾപ്പെടുത്തണം. നിശ്ചിത ഫോറത്തിൽ അപേക്ഷയും, കരം തീർത്ത രസീതിന്റെ പകർപ്പും സഹിതം www.aims.kerala.gov.in/cropinsurance പോർട്ടൽ മുഖേന അപേക്ഷിക്കുക.	
4	സാങ്കേതികമായ പ്രശ്നപരിഹാരത്തിനുള്ള കൃഷി സ്ഥല സന്ദർശനം.	കർഷകന്റെ അപേക്ഷ കൃഷി ഭവനിൽ നൽകുക.	5 ദിവസം
5	രൂക്ഷമായി പൊട്ടിപുറപ്പെടുന്ന കീടരോഗആക്രമണത്തിനുള്ള ഉപദേശ സേവനം	കർഷകന്റെ അപേക്ഷ കൃഷി ഭവനിൽ നൽകുക.	6 മണിക്കൂർ
6	സാങ്കേതികമായ ഉപദേശത്തിന് കൃഷിഭവൻ സന്ദർശിക്കുന്ന കർഷകർക്കുള്ള സേവനം	കർഷകന്റെ അപേക്ഷ കൃഷി ഭവനിൽ നൽകുക.	2 മണിക്കൂർ
7	ആത്മ പദ്ധതി മുഖേന എല്ലാ ജില്ലകളിലും/ലീഡ്സ് പദ്ധതി മുഖേന തെരഞ്ഞെടുത്ത ജില്ലകളിലും കർഷർക്ക് സാങ്കേതിക ഉപദേശം.	നിശ്ചിത മാതൃകയിലുള്ള അപേക്ഷ കൃഷി ഭവനിൽ നൽകുക.	അടിയന്തിര ഘട്ടത്തിൽ 48 മണിക്കൂറിനുള്ളിലും, മാസത്തിലൊരിക്കലുള്ള സ്ഥിരമായ സന്ദർശന വേളയിലും.
8	കസ്റ്റം – ഹയറിംഗ് സെന്ററുകൾ മുഖേന ലഭ്യമാക്കുന്ന കാർഷിക യന്ത്രങ്ങളുടെ സേവനം	നിശ്ചിത മാതൃകയിലുള്ള അപേക്ഷയും കരം തീർത്ത രസീത് (തണ്ടാണ്ട്) കൃഷി ഭവനിൽ നൽകുക.	3 ദിവസം
9	തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ പുതിയതായി സ്ഥാപിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന ലഭ്യമാകുന്ന കാർഷിക യന്ത്രങ്ങളുടെ സേവനം	നിശ്ചിത മാതൃകയിലുള്ള അപേക്ഷ കൃഷി ഭവനിൽ നൽകുക.	3 ദിവസം

Scanned with OKEN Scanner

ക്ര മ നമ്പർ	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ/ഹാജരാക്കേണ്ട രേഖകൾ	സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി
10	കൃഷിഭവൻ മുഖേനയുള്ള വിത്ത്/നടീൽ വസ്തുക്കളുടെ വിതരണം/വിൽപന	നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ആധാറിന്റെ പകർപ്പ്, കരം തീർത്ത രസീത് (തണ്ടപ്പേർ) കൃഷി ഭവനിൽ നൽകുക.	കൃഷിഭവനിലുള്ള ലഭ്യത അനുസരിച്ച് ഉടൻ സേവനം അല്ലെങ്കിൽ ആയത് ലഭ്യമാകുന്ന സ്ഥലം അന്വേഷിച്ച് വിവരം ലഭ്യമാക്കൽ (ഉടനടി മുതൽ 5 ദിവസം)
11	കൃഷിവകുപ്പിന്റെ കീഴിലുള്ള കൃഷിത്തോട്ടം മുഖേന വിത്ത്/നടീൽവസ്തുക്കളുടെ വിൽപന.	നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ആധാറിന്റെ പകർപ്പ്, കരം തീർത്ത രസീത് (തണ്ടപ്പേർ) കൃഷി ഭവനിൽ നൽകുക.	കൃഷിഭവനിലുള്ള ലഭ്യത അനുസരിച്ച് ഉടൻ സേവനം അല്ലെങ്കിൽ ആയത് ലഭ്യമാകുന്ന സ്ഥലം അന്വേഷിച്ച് വിവരം ലഭ്യമാക്കൽ (ഉടനടി മുതൽ 5 ദിവസം)
12	വിത്ത് ഗുണമേന്മ പരിശോധന (കൃഷിഭവൻ/വിത്ത് പരിശോധന ശാലയിൽ നൽകുന്ന സാമ്പിളുകൾ)	നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ആധാറിന്റെ പകർപ്പ്, കരം തീർത്ത രസീത് (തണ്ടപ്പേർ) കൃഷി ഭവനിൽ നൽകുക.	30 ദിവസം
13	അനുമതി ലഭിച്ച പദ്ധതികൾ മുഖേന അർഹതപ്പെട്ട കർഷകനുള്ള ധന സഹായം	നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ആധാറിന്റെ പകർപ്പ്, കരം തീർത്ത രസീത് (തണ്ടപ്പേർ), ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് കൃഷി ഭവനിൽ നൽകുക.	കൃഷി ഭവനിൽ കർഷകർ ക്ലെയിം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതിക്ക് 30 ദിവസത്തിനകം
14	ജലസേചന ആവശ്യത്തിന് അർഹതപ്പെട്ട കർഷകന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്	നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ആധാറിന്റെ പകർപ്പ്, കരം തീർത്ത രസീത് (തണ്ടപ്പേർ) കൃഷി ഭവനിൽ നൽകുക.	5 ദിവസം
15	കൂട്ടുരാസവളം, ജീവാണുവളം എന്നിവയുടെ നിർമ്മാണ ലൈസൻസ്	നിശ്ചിത മാതൃകയിലുള്ള അപേക്ഷയും, അനുബന്ധ രേഖകളും കൃഷി ഭവനിൽ നൽകുക.	45 ദിവസം
16	കൂട്ടുരാസവളം, ജീവാണുവളം, രാസവളം എന്നിവയുടെ ജില്ലാതല മൊത്ത വിതരണത്തിനുള്ള ലൈസൻസ്	നിശ്ചിത മാതൃകയിലുള്ള അപേക്ഷയും, അനുബന്ധ രേഖകളും കൃഷി ഭവനിൽ നൽകുക.	30 ദിവസം
17	കീടനാശിനി/ജൈവകീടനാശിനി/ബയോകൺട്രോൾ ഏജന്റ്/ജൈവവള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ലൈസൻസും മൊത്തവിതരണത്തിനുള്ള ലൈസൻസും.	നിശ്ചിത മാതൃകയിലുള്ള അപേക്ഷയും, അനുബന്ധ രേഖകളും കൃഷി ഭവനിൽ നൽകുക.	45 ദിവസം

Scanned with OKEN Scanner

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ/ഹാജരാക്കേണ്ട രേഖകൾ	സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി
18	കീടനാശിനി/ജൈവകീടനാശിനി/ ബയോകൺട്രോൾ ഏജന്റ്/ ജൈവവളം എന്നിവയുടെ ജില്ലാ തല വിതരണത്തിനുള്ള ലൈസൻസ്.	നിശ്ചിത മാതൃകയിലുള്ള അപേക്ഷയും, അനുബന്ധ രേഖകളും കൃഷി ഭവനിൽ നൽകുക.	45 ദിവസം
19	സ്വകാര്യ നേഴ്സറികൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ്	നിശ്ചിത മാതൃകയിലുള്ള അപേക്ഷയും, അനുബന്ധ രേഖകളും കൃഷി ഭവനിൽ നൽകുക.	45 ദിവസം
20	വിള ഇൻഷുറൻസ് - പോളിസി നൽകൽ	നിശ്ചിത മാതൃകയിലുള്ള അപേക്ഷ, കരം തീർത്ത രസീതും(തണ്ടാണ്ട്), ഇൻഷുറൻസ് പ്രീമിയം അടച്ച രസീത് അനുബന്ധ രേഖകളും കൃഷി ഭവനിൽ നൽകുക.	30 ദിവസം
21	പ്രകൃതിക്ഷോഭ ദുരിതാശ്വാസം പ്രാഥമിക അന്വേഷണ റിപ്പോർട്ട്	കൃഷിനാശം ഉണ്ടായതിനുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനായി കർഷകർ ആദ്യമായി AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇതിനായി aims.kerala.gov.in/home എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അല്ലെങ്കിൽ കൃഷിഭവനുമായി ബന്ധപ്പെടുക.	30 ദിവസം
22	കാർഷികോത്പന്നങ്ങളുടെ സംഭരണം, വിള, വിസ്തൃതി, കാർഷികോത്പന്നങ്ങളുടെ ലഭ്യത എന്നിവ സംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകൽ.	നിശ്ചിത മാതൃകയിലുള്ള അപേക്ഷ, കരം തീർത്ത രസീതും (തണ്ടാണ്ട്), ആധാറിന്റെ പകർപ്പ് കൃഷി ഭവനിൽ നൽകുക.	3 ദിവസം
23	പെൻഷൻ പദ്ധതി - കർഷക രജിസ്ട്രേഷൻ	AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. കൃഷിഭവനുമായി ബന്ധപ്പെട്ട് നിശ്ചിത മാതൃകയിലുള്ള അപേക്ഷ ആധാറിന്റെ പകർപ്പ് വയസ്സ് തെളിയിക്കുന്ന സാക്ഷ്യപത്രം (അസ്സൽ) റേഷൻകാർഡിന്റെ പകർപ്പ്, വരുമാന സാക്ഷ്യപത്രം, ബാങ്ക് പാസ്സ് ബുക്ക് പകർപ്പ് എന്നിവ കൃഷി ഭവനിൽ നൽകുക.	30 ദിവസം

Scanned with OKEN Scanner

വ്യവസായ വികസന ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ	അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ/ഹാജരാക്കേണ്ട രേഖകൾ	സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി
1	സംരംഭകത്വ സഹായ പദ്ധതി	ഉദ്പാദന മേഖലയിൽ ഉള്ള സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭങ്ങൾ അവരുടെ ഉദ്പാദന പ്രവർത്തനം തുടങ്ങിയ ദിവസം മുതൽ 1 വർഷത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതം ഓൺലൈൻ മുഖേന അപേക്ഷിക്കണം.	3 മാസം
2	നാനോ സംരംഭങ്ങൾക്കുള്ള സഹായ പദ്ധതി	നാനോ വിഭാഗത്തിൽപ്പെട്ടവർ (നിക്ഷേപം 10 ലക്ഷം രൂപയ്ക്ക് താഴെ) ബാങ്ക് വായ്പയെടുത്ത് സംരംഭം തുടങ്ങിയവർ	30 ദിവസം
3	നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് -	നാനോ വിഭാഗത്തിൽപ്പെട്ടവർ ബാങ്ക് വായ്പടെക്കുവാൻ താല്പര്യമുള്ളവർ, ബാങ്ക് വായ്പ അനുവദിക്കപ്പെട്ടവർ	30 ദിവസം
4	വ്യവസായ ഭൂമി അലോട്ട് ചെയ്തു നൽകൽ	സംരംഭകർ അവർ തുടങ്ങുവാൻ പോകുന്ന പ്രോജക്ട് വിവരങ്ങൾ സഹിതം ഓൺലൈനിൽ അപേക്ഷ സമർപ്പിക്കണം.	3 മാസം

Scanned with OKEN Scanner

ശിശു വികസന ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ	അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ/ഹാജരാക്കേണ്ട രേഖകൾ	സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി
1	ആശ്വാസ കിരണം പദ്ധതി (ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടിവരുന്ന പെൻഷൻ പദ്ധതി)	മെഡിക്കൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്/ബി. പി. എൽ. റേഷൻ കാർഡി ന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, അപേക്ഷ	മുൻഗണന ക്രമമനുസരിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക്
2	സമാശ്വാസം പദ്ധതി – 1 (ബി. പി. എൽ. വിഭാഗത്തിൽപെടുന്ന സ്ഥിരം ഡയാലിസിസ് ചെയ്യുന്നവർക്കുള്ള ധനസഹായ പദ്ധതി)	മാസത്തിൽ ഒരു തവണയെങ്കിലും സ്ഥിരമായി ഡയാലിസിസ് ചെയ്യുന്ന ബി. പി. എൽ. കുടുംബാംഗമായിരിക്കണം. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ നിശ്ചിത ഫോറത്തിൽ സർക്കാർ/സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗ വിദഗ്ധനിൽ നിന്നും ലഭ്യമായ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്ക്, ആധാർ പകർപ്പ്, ഡയാലിസിസ് ബുക്കിന്റെ പകർപ്പ് മെഡിക്കൽ ഓഫീസർ സാക്ഷ്യപെടുത്തിയത്.	
3	സമാശ്വാസം പദ്ധതി – 2 (ബി. പി. എൽ. വിഭാഗത്തിൽപെടുന്ന വൃക്ക മാറ്റിവെക്കൽ രോഗികൾക്കുള്ള ധനസഹായ പദ്ധതി)	അപേക്ഷകൻ വൃക്ക/കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയമായി തുടർചികിത്സയിൽ ഏർപ്പെട്ടവരായിരിക്കണം. നിശ്ചിത മാതൃകയിലുള്ള അപേക്ഷഫാറം, സർക്കാർ/സ്വകാര്യ ആശുപത്രിയിലെ വൃക്ക/കരൾ രോഗ വിദഗ്ധനിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്ക്, ആധാർ, റേഷൻകാർഡ് എന്നിവയുടെ പകർപ്പുകൾ, വരുമാന സർട്ടിഫിക്കറ്റ്, ഡിസ്ചാർജ്ജ് ഷീറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപെടുത്തിയ പകർപ്പ്	
4	മംഗല്യ – വിധവകളുടെ പുനർവിവാഹത്തിനുള്ള ധനസഹായ പദ്ധതി. (ബി. പി. എൽ. വിഭാഗത്തിൽപെട്ടവർക്കുമാത്രം)	മരണമടഞ്ഞ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, മരണമടഞ്ഞയാളുടെ വിധവയാണ് എന്ന് തെളിയിക്കുന്ന രേഖ, വിവാഹബന്ധം വേർപെടുത്തിയതാണെങ്കിൽ വിവാഹബന്ധം വേർപെടുത്തിയ കോടതി ഉത്തരവിന്റെ പകർപ്പ്, പുനർവിവാഹം ചെയ്തു എന്ന് തെളിയിക്കുന്ന വിവാഹ സർട്ടിഫിക്കറ്റ്	
5	വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധന സഹായം (ബി. പി. എൽ. വിഭാഗത്തിൽ പെട്ടവർക്കുമാത്രം)	എ) ആധാർ, റേഷൻകാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പ് ബി) അപേക്ഷക ബി.പിഎൽ.(മുൻഗണന വിഭാഗം) കുടുംബത്തിൽപെട്ട ആളാണെന്നും എ. പി. എൽ. ആണെങ്കിൽ അർഹതപെട്ട വിഭാഗത്തിൽ ഉൾ	

Scanned with OKEN Scanner

പൊതുജനങ്ങളുടെ ചുമതലകളും കടമകളും

സർക്കാരിലേയ്ക്ക് കൊടുക്കുവാനുള്ള നികുതികൾ, റവന്യു റിക്കവറി കുടിശ്ശികകൾ, മറ്റ് ഫീസുകൾ, ഫൈനുകൾ എന്നിവ യഥാസമയം അടവുവരുത്തുവാൻ ഓരോ പൗരനും ശ്രദ്ധിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്നും ഓരോ പൗരനും ലഭ്യമാകേണ്ട സേവനങ്ങൾ ഉറപ്പുവരുത്തി യഥാ സമയം ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓരോ ഇനം സേവനങ്ങളും പൂർത്തീകരിക്കേണ്ടതിലേയ്ക്കാവശ്യമായ രേഖകൾ/പ്രമാണങ്ങൾ/പ്രസ്താവനകൾ/ചട്ട പ്രകാരമുള്ള ഫീസുകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

സേവനം പ്രദാനം ചെയ്യാൻ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരെ കുറിച്ചുള്ള പരാതികൾ യഥാ സമയം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥനെ അറിയിക്കാൻ ഓരോ പൗരനും ബാദ്ധ്യസ്ഥനാണ്.

കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നടപടി ക്രമങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കാൻ ഓരോ പൗരനും ചുമതലപ്പെട്ടിരിക്കുന്നു.

ഈ ഓഫീസിലെ സേവന പ്രദാന നടപടികൾ മെച്ചപ്പെടുന്നതിലേക്ക് പൊതുജനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ ഓഫീസിനെ അറിയിക്കുന്നത് സേവനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഞങ്ങളെ സഹായിക്കും.

ഈ പൗരാവകാശ രേഖ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നതും, ഓഫീസ് നൽകുന്ന സേവനങ്ങൾ കാലതാമസം ഒഴിവാക്കി കാര്യക്ഷമമാക്കുന്നതിലേക്കുമായി പ്രസിദ്ധീകരിച്ചിരിക്കുന്നു.

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്



Scanned with OKEN Scanner